**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6592** **11-11-2021 - ൽ മറുപടിയ്ക്ക്**

**വിദൂര വിദ്യാഭ്യാസ അടിസ്ഥാനത്തിൽ ബിരുദ കോഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ** | | **Dr. R. Bindu**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കണ്ണൂർ, കാലിക്കറ്റ്, ശ്രീ നാരായണ സർവ്വകലാശാലകളിൽ വിദൂര വിദ്യാഭ്യാസ അടിസ്ഥാനത്തിൽ ബിരുദ കോഴ്സുകൾ നടത്തുന്നതിന് യു.ജി.സി അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | 2019 പ്രവേശനം വരെ കണ്ണൂർ സർവ്വകലാശാലയ്ക്ക് വിദൂര വിദ്യാഭ്യാസം വഴി ബിരുദ പ്രോഗ്രാമുകൾ നടത്തുന്നതിന് യു.ജി.സി അംഗീകാരം ലഭിച്ചിട്ടുണ്ട്. കാലിക്കറ്റ് സർവകലാശാലക്ക് 2021 പ്രവേശന വർഷം വിദൂരവിദ്യാഭ്യാസ വിഭാഗം വഴി കോഴ്സുകൾ നടത്തുന്നതിനുള്ള യുജിസി അംഗീകാരം ലഭ്യമായിട്ടുണ്ട്. ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിൽ കോഴ്സുകൾക്ക് അംഗീകാരം ലഭിക്കുന്നതിലേക്കായി അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഇതിനായുള്ള രജിസ്ട്രേഷൻ നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | കാലിക്കറ്റ് യൂണിവേഴ്സിറ്റി വിദൂര വിദ്യാഭ്യാസ വിഭാഗം വഴി 2021-22 വർഷത്തിലേക്കുള്ള ബിരുദ-ബിരുദാനന്തര കോഴ്സുകൾക്ക് പ്രവേശനത്തിന് നവംബർ 6 മുതൽ അപേക്ഷ ക്ഷണിച്ചു. ബി. എ, ബി.കോം, ബി.ബി.എ, എം.എ, എം.കോം കോഴ്സുകൾക്ക് നവംബർ 25 വരെ പിഴയില്ലാതെയും നവംബർ 30 വരെ 100 രൂപ പിഴയോടു കൂടിയും ഓൺലൈനായി അപേക്ഷ നൽകാം. അപേക്ഷ ലിങ്ക് www.sdeuoc.ac.in വെബ്സൈറ്റിൽ ഓൺലൈൻ രജിസ്ട്രേഷനിൽ ലഭ്യമാണ്. വിശദമായ പ്രോസ്പെക്ടസ്, വിജ്ഞാപനം എന്നിവയും വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. 2020 മുതൽ യു.ജി.സി നിഷ്കർഷിച്ച മിനിമം NAAC സ്കോർ ലഭിക്കാത്തതി നാൽ കണ്ണൂർ സർവ്വകലാശാലയ്ക്ക് വിദൂര വിദ്യാഭ്യാസ പ്രോഗ്രാമുകൾക്ക് യു.ജി.സി അംഗീകാരത്തിനായി അപേക്ഷിക്കുവാൻ സാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ